## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2577** **12.03.2020 ൽ മറുപടിയ്ക്ക്**

## വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി ചികിത്സ തേടി എത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള വർദ്ധനവ് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | ലഹരി ചികിത്സയ്ക്കായി എക്സൈസ് വകുപ്പും വിമുക്തി മിഷനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | വിമുക്തി മിഷൻ ആരോഗ്യവകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും ആരംഭിച്ചിട്ടുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ മുഖാന്തിരം ഒ.പി. വിഭാഗത്തിൽ 20293 പേർക്കും, ഐ.പി വിഭാഗത്തിൽ 2249 പേർക്കും ചികിത്സ നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും, സൗജന്യ കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതും, 2394 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്. |
| (സി) | പൊതുവിദ്യാഭ്യാസ വകുപ്പിലെയും ഉന്നതവിദ്യാഭ്യാസ വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിപുലമായ പരിപാടികളും ബോധവൽക്കരണങ്ങളും നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇവരുടെ സഹകരണത്തോടുകൂടി പൊതു ബോധവത്കരണ പരിപാടികൾ ഇപ്പോൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (ഡി) | ലഹരി വസ്തുക്കളായ കൂൾ എന്ന പുകയില ഉൽപന്നം കൂടാതെ എം.ഡി.എം.എ., എൽ.എസ്.ഡി., മാജിക് മഷ്റൂം, പശ, വൈറ്റ്നർ തുടങ്ങിയവയും ലഹരിക്കായി വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന കാര്യം പരിശോധിക്കുമോ; | (ഡി) | പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ലഹരിവസ്തുക്കളുടെ വിൽപന തടയുവാൻ എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ എത്ര ലഹരി വസ്തു വിൽപന കേസുകൾ കണ്ടെത്തിയിട്ടുണ്ട്; സ്കൂൾ, കോളേജ് പരിസരങ്ങളിലെ മെഡിക്കൽ ഷോപ്പുകൾ, മറ്റ് കടകൾ എന്നിവിടങ്ങളിൽ ലഹരി വസ്തുക്കൾ സുലഭമായി ലഭിക്കുന്ന കാര്യം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇത്തരം പ്രവണത അവസാനിപ്പിക്കുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുകയും, സ്കൂൾ, കോളേജ് പരിസരങ്ങൾ നിരീക്ഷിക്കുന്നതിനും എക്സൈസ് റേഞ്ച്, സർക്കിൾ, സ്ക്വാഡ്, ഐ.ബി. അംഗങ്ങൾ നിരീക്ഷണം നടത്തിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ വിമുക്തി മിഷൻ വിവിധ പ്രചാരണ പരിപാടികളും നടത്തി ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നുമുണ്ട്<br><br>2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 7278 കേസുകൾ കണ്ടെത്തിയിട്ടുണ്ട്.<br><br>സ്കൂൾ, കോളേജ് പരിസരങ്ങളിലെ മെഡിക്കൽ ഷോപ്പുകൾ, മറ്റ് കടകൾ എന്നിവിടങ്ങളിൽ ലഹരി വസ്തുക്കൾ സുലഭമായി ലഭിക്കുന്ന കാര്യം പരിശോധിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ